"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ആർബി3/339/2022-തസ്വഭവ
തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്
തിരുവനന്തപുരം, 21-01-2023

<u>സർക്കുലർ</u>

വിഷയം:- തസ്വഭവ- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ താൽക്കാലിക അടിസ്ഥാനത്തിൽ എഞ്ചിനീയറായും ഓവർസിയറായും ജോലി ചെയ്തു വരുന്ന, കെട്ടിട നിർമ്മാണ ചട്ടപ്രകാരം ലൈസൻസുള്ള വ്യക്തികൾ കെട്ടിട നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ, പ്ലാനുകൾ തയ്യാറാക്കുന്നത് ഒഴിവാക്കുന്നത്- പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്) ന്റെ 19.10.2022ലെ CTPVIG/I489/19 നമ്പർ റിപ്പോർട്ട്.

സംസ്ഥാനത്തെ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, കെട്ടിട നിർമ്മാണ ചട്ടപ്രകാരം ലൈസൻസുള്ള വ്യക്തികൾ താൽക്കാലിക അടിസ്ഥാനത്തിൽ എഞ്ചിനീയറായും ഓവർസിയറായും ജോലി ചെയ്തു വരുന്നുണ്ട്. പ്രസ്തുത കാലയളവിൽ, ടി ഉദ്യോഗസ്ഥർ തങ്ങളുടെ സ്വാധീനം ഉപയോഗിച്ച് ചട്ടലംഘനത്തോട് കൂടിയ പ്ലാനുകൾക്ക് അംഗീകാരം നേടുന്നതായി വ്യാപകമായ പരാതി ഉണ്ടായിട്ടുണ്ട്. ഇക്കാര്യം സർക്കാർ ഗൗരവപൂർവ്വം വീക്ഷിക്കുന്നു.

മേൽ സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ താൽക്കാലിക അടിസ്ഥാനത്തിൽ എഞ്ചിനീയറായും ഓവർസിയറായും മറ്റും ജോലി ചെയ്യുന്ന വ്യക്തികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പു വെക്കുന്ന കരാറിൽ, അവർ താൽക്കാലികമായി ജോലി ചെയ്യുന്ന കാലയളവിൽ നിർമ്മാണ അനുമതിക്കായി അപേക്ഷകൾ/പ്ലാനുകൾ തയ്യാറാക്കുകയോ സമർപ്പിക്കുകയോ ചെയ്യുന്ന പ്രവൃത്തികളിൽ ഏർപ്പെടുവാൻ പാടില്ല എന്ന നിബന്ധന കൂടി ഉൾപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. ഇക്കാര്യം അതത് സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതുമാണ്

DR SHARMILA MARY JOSEPH
PRINCIPAL SECRETARY

പകർപ്പ്

ഡയറക്ടർ, തസ്വഭവ(അർബൻ), തിരുവനന്തപുരം.

ഡയറക്ടർ, തസ്വഭവ(റൂറൽ), തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

എല്ലാ ടൗൺ പ്ലാനർമാർക്കും(ചീഫ് ടൗൺ പ്ലാനർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡയറക്ടർ, തസ്വഭവ[റൂറൽ] മുഖേന).

എല്ലാ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (ഡയറക്ടർ, തസ്വഭവ[അർബൻ] മുഖേന)

✓ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suja S K
സെക്ഷൻ ഓഫീസർ.
Date: 23-01-2023 12:34:03